പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7353 — 17/7/2012 -ൽ മറുപടിയ്ക്ക്

## പൂയപ്പള്ളി ഗ്രാമപഞ്ചായത്തിനെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ. | ശ്രീ. കെ.സി. ജോസഫ്, ( ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മുൻപുണ്ടായിരുന്ന നെടുമ്പന ഗ്രാമപഞ്ചായത്തിനെ ഒഴിവാക്കി മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രസ്തുത ഗ്രാമപഞ്ചായത്തിനെ നിലനിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പുതുതായി ഉൾപ്പെടുത്തിയ പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോഴും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽത്തന്നെ നിലനിർത്തിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിനെക്കൂടി ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; ആയതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; | (ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പുതുതായി ഉൾപ്പെടുത്തിയ പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോഴും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ തന്നെയാണ് നിലനിൽക്കുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 4 (2) (എ) യും (ബി) യും ഖണ്ഡങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൻെറ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിൻെറ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൻെറ നിലവിലെ ഭരസമിതിയുടെ കാലാവധി തിരുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്. |

| | |
|---|---|
| (സി) ഒരു നിയമസഭാ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾ പല ബ്ലോക്ക് പഞ്ചായത്തുകളിൽ ഉൾപ്പെടുന്നതു മൂലം വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഡി) കൃഷി, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ ഏകോപനവും പ്രവർത്തനവും പ്രായോഗികമായി തടസ്സപ്പെടുന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; | (ഡി) ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ